# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5089 — 23.03.2018-ലെ മറുപടി

### ഭാരതപ്പുഴയിൽ നിന്നെടുക്കുന്ന കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

(എ) അനേകായിരം ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ ഭാരതപ്പുഴയുടെ മലിനീകരണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പുഴ മലിനീകരണം തടയാൻ ഏതെല്ലാം മാർഗങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) കേരളത്തിലെ പ്രധാനപ്പെട്ട നദികളിലൊന്നായ ഭാരതപ്പുഴ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മലിനീകരണം. പുഴയിലെ ജലലഭ്യത കുറയുന്നതിനനുസരിച്ച് ജലത്തിലെ മാലിന്യത്തിന്റെ തോതും വർദ്ധിക്കുന്നു. നദിയിലെ നീരൊഴുക്ക് സുഗമവും സ്ഥായിയുമാക്കുന്നതിനും ഓരുവെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുമായി ജലസേചന വകുപ്പ് തടയണകളും റഗുലേറ്ററും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഓർഡിനൻസിലൂടെ (2017-ലെ 27-)0 നമ്പർ ഓർഡിനൻസ്) ഭേദഗതി ചെയ്ത് 08.12.17 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഭാരതപ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അംഗങ്ങളായുള്ള ഒരു കോർ ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ ജല സംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തട പ്ലാൻ ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനാക്കി മാറ്റുകയും, അതിൻപ്രകാരം

മുൻഗണന അനുസരിച്ച് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. സമഗ്ര നീർത്തട പദ്ധതി നടപ്പിലാക്കുന്നത് വഴി നീർത്തടത്തിലെ പൊതു ജലലഭ്യത വർദ്ധിക്കുകയും, തുടർന്ന് നദിയിലെ നീരൊഴുക്ക് വർദ്ധിക്കുകയും ചെയ്യും. ഇതിന്റെ ഫലമായി ജലത്തിലെ മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ കഴിയും. പദ്ധതിയുടെ ആദ്യ ഘട്ടം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാകും നടപ്പിലാക്കുക. ഭാരതപ്പുഴയുടെ ചില കൈവഴികളിൽ മാലിന്യ നിർമ്മാർജ്ജന പരിപാടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കു വാൻ ഇതിനകം സാധ്യമായിട്ടുണ്ട്.

ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No. 16 of 2016 ലെ 23.05.2016 ലെ ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശുപാർശ ചെയ്യണമെന്ന് ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറയുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിൻ പ്രകാരം ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്ത് സ്ഥിതിചെയ്യുന്ന പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുൻസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലേയും ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നതാണ് മലിനീകരണത്തിന് പ്രധാന കാരണം. തുടർന്ന് ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുൻസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന്

| | | | |
|---|---|---|---|
| | | | മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാൻ മലിനജലശുദ്ധീ കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുകയാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഭാരതപ്പുഴയിൽ നിന്നും കടിവെള്ളത്തിനായി പമ്പ് ചെയ്യുന്ന ജലം ഏതെല്ലാം വിധത്തിലാണ് ശുദ്ധീകരണം നടത്തുന്നതെന്ന് വിശദീകരിക്കാമോ? | (ബി) | ജലശുദ്ധീകരണശാലകൾ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ ശാസ്ത്രീയമായ രീതിയിലുള്ള ജലശുദ്ധീകരണപ്രക്രിയകളായ ഏയറേഷൻ, ഫ്ലോക്കുലേഷൻ, സെഡി മെന്റേഷൻ, ഫിൽട്രേഷൻ, ഡിസിൻഫെക്ഷൻ എന്നിവ നടത്തി ഗുണനിലവാരം ഉറപ്പു വരുത്തിയാണ് വിതരണം ചെയ്യുന്നത്. എന്നാൽ ജലശുദ്ധീകരണശാലകൾ നിലവിലില്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിക്കുന്ന കടിവെള്ളം അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**